പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1345 — 30.09.2011-ൽ മറുപടിക്ക്

ഓണക്കാലത്തെ പച്ചക്കറി വില

*ചോദ്യം* — *മറുപടി*

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി :
ശ്രീ.ജി.എസ്. ജയലാൽ :
''വി .ശശി :

കെ. പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും''
വകുപ്പുമന്ത്രി)

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് പച്ചക്കറി വില നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിലകുറച്ച് പച്ചക്കറികൾ വിതരണം നടത്തിയിട്ടുണ്ടോ;

(എ) ഉണ്ട്

(ബി) ഇതിനായി സംസ്ഥാനത്തൊട്ടാകെ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്; ഇതിലൂടെ സബ്സിഡി ഇനത്തിൽ ഉപഭോക്താവിന് ലഭ്യമാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 62 മേളകൾ . വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ 100 മേളകൾ ഹോർട്ടികോർപ്പ് മുഖേന 147 മേളകൾ, എസ്.എച്ച്.എം മുഖേന ഒരു ഉൽസവക്കാല വിപണന മേള എന്നിവ സംഘടിപ്പിക്കുകയുണ്ടായി ഈ ഉൽസവകാല വിപണന മേളകളിലൂടെ 10.30% സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 199 ലക്ഷം രൂപ വിനിയോഗിച്ചു.സ്റ്റേറ്റ് ഹോർട്ടികൾച്ചർലുഷൻ മുഖേന 4.88 ലക്ഷം രൂപയും വെജിറ്റബിൾ ആന്റ്ഫ്രൂട്ട്

| | | |
|---|---|---|
| | | പ്രോമോഷൻ കൗൺസിൽ മുഖേന 24.27 ലക്ഷം രൂപയും ഹോർട്ടികോർപ്പ് മുഖേന 81.05 ലക്ഷം രൂപയും സബ്സിഡിയായി ഉപഭോക്തതാനിന് ലഭിച്ചു.. |
| (സി) | കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഓരോ വർഷവും ഓണക്കാലത്ത് വിലകുറച്ച് പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്; ഓരോ വർഷവും ഉപഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | 2006-ൽ ഉൽസവകാല വിപണന മേളകൾ സംഘടിപ്പിച്ചിരുന്നില്ല. 2007-ൽ ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി 15.50 ലക്ഷം രൂപ വിനിയോഗിച്ചു. 100 താലൂക്ക് തല വിപണനമേളകളും ഒരു സംസ്ഥാനതല മേളയും സംഘടിപ്പിച്ചു. 2008 ൽ 25 ലക്ഷം രൂപ വിനിയോഗിച്ചു കൃഷി വകുപ്പു മുഖേന ഒരു സംസ്ഥാനതല വിപണന മേള. 4 റീജണൽ മേളകൾ, 9 ജില്ലാതല മേളകൾ എന്നിവ സംഘടിപ്പിച്ചു. 2009 ൽ 39.50 ലക്ഷം രൂപ ചെലവഴിച്ചു കൃഷി വകുപ്പ് ഒരു സംസ്ഥാനതല മേള 13 ജില്ലാ തല വിപണന മേളകൾ, 50 താലൂക്ക് തല വിപണന മേളകൾ എന്നിവ സംഘടിപ്പിച്ചു. 51 ലക്ഷം രൂപ വിനിയോഗിച്ചു. 2010 ലും ഓണക്കാലത്ത് വിപണനമേളകൾ സംഘടിപ്പിക്കുക യുണ്ടായി 41 ലക്ഷം രൂപ വിനിയോഗിച്ച് കൃഷി വകുപ്പ് ഒരു സംസ്ഥാന തല മേള 12 ജില്ലാ തല മേളകൾ, 4 സബ്സെന്റർ തലമേളകളും ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി 15 ലക്ഷം രൂപ വിനി.യോഗിച്ചു 50 താലൂക്ക് തല മേളകളും സംഘടിപ്പിച്ചു. ഈ വിപണന മേളകൾ മുഖേന 10-30% |

സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് ഗുണമേന്മ യുള്ള ഉൽപ്പന്നങ്ങൾ ലഭിക്കുകയുണ്ടായി

ഉപഭോക്താക്കൾക്ക് പൊതു വിപണിയിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 ശതമാനം വിലക്കുറച്ച് പഴം-പച്ചക്കറി ലഭ്യമാക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2008-ലും 2009-ലും പഴം വിപണനമേളയും 2010, 2011 വർഷങ്ങളിൽ പഴം- പച്ചക്കറി വിപണന മേളയും തിരുവനന്തപുരത്ത് തൈക്കാട് പോലീസ് മൈതാനിയിൽ വച്ച് നടത്തിയിട്ടുണ്ട്. ഈ മേളകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയ സബ്സിഡി തുക ചുവടെ ചേർക്കുന്നു.

| വർഷം | സബ്സിഡി തുക (രൂപയിൽ ) |
|---|---|
| 2008 | 63,577/- |
| 2009 | 75,480/- |
| 2010 | 2,90,269/- |
| 2011 | 4,88,000/- |

വെജിറ്റബിൾ ആന്റ്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കഴിഞ്ഞ 5 വർഷങ്ങളിൽ നടത്തിയ ഓണവിപണനമേളകൾ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

Sholy.P

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്ര. നം | വർഷം | മാർക്കറ്റുകളുടെ എണ്ണം | വിപണനം (ടൺ) | ആകെ വിറ്റുവരവ് (ലക്ഷം രൂപ) | സബ്സിഡി (ലക്ഷം രൂപ) |
|---|---|---|---|---|---|
| 1 | 2007 | 61 | 215 | 25.32 | |
| 2 | 2008 | 68 | 203 | 22.20 | |
| 3 | 2009 | 85 | 289 | 49.85 | 3.92 |
| 4 | 2010 | 101 | 450 | 100.57 | 17.19 |
| 5 | 2011 | 100 | 620 | 139.64 | 24.27 |

Sherly P
S.O